കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച ജന്റർ റിസോഴ്സ് സെന്റർ (GRC) കേരളത്തിലെ ആദ്യത്തെ സംവിധാനമാണ്. ജന്ററിന്റെ പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ പ്രവർത്തന മാതൃക രൂപപ്പെടുത്തി കേരളത്തിന് സംഭാവനയായി നൽകാൻ ഈ ജന്റർ റിസോഴ്സ് സെന്ററിന് സാധിക്കും. അതിന് ഉതകുന്ന തര ത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് വേ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഉതകുന്ന തരത്തിൽ ഒരു അക്കാ ഡമിക് ടീമിന് രൂപം നൽകണം. ഇതിൽ റിട്ട. പ്രൊഫസർമാർ, അദ്ധ്യാപിക/ൻ മാർ ജന്റർ മേഖലയിലെ വിദഗ്ദ്ധർ, MSW, സോഷ്യോളജി, വിമൺ സ്റ്റഡീസ്, സൈക്കോളജി, സൈക്കാട്രി, നിയമം തുടങ്ങിയവ പ്രധാന വിഷയമായി പഠിച്ച വർ എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.
2. ബ്ലോക്ക് തല GRC, പഞ്ചായത്ത് തല GRC കളുടെ apex body യായി പ്രവർത്തിക്കണം. അതിനായി എല്ലാ പഞ്ചായത്തുകളിലും GRC കൾ ആരം ഭിക്കാൻ വേ ഇടപെടൽ ഉാവണം.
3. ബ്ലോക്ക് തല GRC അഞ്ച് പഞ്ചായത്തുകൾക്കും അവിടെയുള്ള എല്ലാ സംവി ധാനങ്ങൾക്കും ജന്ററുമായി ബന്ധപ്പെട്ട അക്കാഡമിക് പിൻതുണ നൽകുന്ന സ്ഥാപനമായി ഇത് മാറണം.
4. ബ്ലോക്ക് പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റേയും ജന്ററുമായി ബന്ധ പ്പെട്ട എല്ലാ പരിശീലനങ്ങളും ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനമായി മാറണം.
5. ജന്ററുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന പഠനങ്ങൾക്ക് വേ എല്ലാവിധ അക്കാഡമിക് പിൻതുണയും നൽകുന്ന സ്ഥാപ നമായി മാറണം.
6. കാസർകോഡ് ജില്ലയിലെ എല്ലാ അക്കാഡമിക്, സാങ്കേതിക സ്ഥാപനങ്ങൾ, കില എന്നിവരുമായി പ്രവർത്തന ബന്ധം സ്ഥാപിക്കണം.
7. കിലയുടെ ജന്റർ ട്രെയിനിംഗിന്റെ നോഡൽ ഏജൻസിയായി മാറണം.
8. ബ്ലോക്ക് അതിർത്തിയിലെ മുഴുവൻ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഏത് വിവരവും അറിയാനായി സമീപിക്കാൻ കഴിയുന്ന ഒരു ഇൻഫർമേഷൻ സെന്റ റായി മാറണം. അതിന് ഒരു ടോൾ ഫ്രീ നമ്പർ സംഘടിപ്പിച്ച് എല്ലാവരിലും എത്തിക്കണം.
9. ബ്ലോക്ക് GRC യുടെ നേതൃത്വത്തിൽ ജന്ററുമായി ബന്ധപ്പെട്ട ഹ്രസ്വകാല, ദീർഘകാല കോഴ്സുകൾ ഫീസ് വാങ്ങി നടത്താനുള്ള സംവിധാനമുാക്കണം.
10. എല്ലാ പഞ്ചായത്തിലേക്കും, ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കും ആവശ്യമായ കൗൺസിലേഴ്സിന്റെ ഒരു ടീമിന് രൂപം നൽകുകയും, അവർക്ക് വേ പരിശീലനം നൽകി പ്രവർത്തനങ്ങൾക്ക് പ്രാപ്തരാക്കുകയും വേണം.
11. ബ്ലോക്ക് അതിർത്തിയിൽ വരുന്ന മുഴുവൻ സ്ത്രീകളുടേയും പെൺകുട്ടികളു ടേയും വിവരം ശേഖരിച്ച് സൂക്ഷിക്കുകയും അതിനനുസരിച്ച് പുതിയ പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം.
12. പഞ്ചായത്തുകളുടേയും, ബ്ലോക്ക് പഞ്ചായത്തിന്റേയും ജന്റർ, വിമൺ എന്നിവ യുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനും, പ്രൊജക്റ്റ് ക്ലീനി ക്കുകൾ നടത്തി മെച്ചപ്പെടുത്തുന്നതിനും വേ പിൻതുണ നൽകുന്ന സ്ഥാപന മായി മാറണം.

13. ബ്ലോക്ക് GRC യുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളേയും ഉൾപ്പെടുത്തി ജന്റർ സ്റ്റാറ്റസ് സ്റ്റഡി നടത്തി അതിന്റെ വെളിച്ചത്തിൽ എല്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിമൺ, ഇന്റഗ്രേറ്റഡ് സസ്റ്റൈനബിൾ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കി ബ്ലോക്ക് ലെവൽ സെമി നാർ സംഘടിപ്പിക്കണം.
14. എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാർഡ് തലങ്ങളിലും ജാഗ്രതാ സമിതി പുന:സംഘടിപ്പിക്കാനും അവർക്ക് വേ പരിശീലനങ്ങൾ നടത്താനും കിലയു മായി ചേർന്ന് സംവിധാനമൊരുക്കണം.
15. എല്ലാ സ്കൂളുകളിലും ജന്റർ ഡെസ്ക്കുകൾ ആരംഭിക്കണം. അവർക്ക് വേുന്ന പരിശീലനങ്ങൾ കിലയുടെ പിൻതുണയോടെ സംഘടിപ്പിക്കണം.
16. വാർഡ് തല പഞ്ചായത്ത് തല ജാഗ്രതാ സമിതികളുടെ മോണിറ്ററിംഗിന് ബ്ലോക്ക് GRC ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കണം.
17. എല്ലാ പഞ്ചായത്തുകളും CWF (Community Women Facilitator) കളെ നിയ മിക്കാൻ വേ ഇടപെടലുകൾ നടത്തണം. ഇവർക്ക് വേ പരിശീലനം നൽകാനും ഇവരുടെ സേവനം ബ്ലോക്ക് ലെവൽ GRCക്ക് ഉപയോഗിക്കാനും കഴിയണം.

<u>**ഭൗതിക സംവിധാനം**</u>

ബ്ലോക്ക് തല GRC മുകളിൽ വിവരിച്ച തരത്തിൽ പ്രവർത്തിക്കുന്നതിന് വേ ഭൗതിക സൗകര്യം ഒരുക്കേതാണ്:-

1. കുറഞ്ഞത് ര് കംപ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും വേണം.
2. ഫോൺ സൗകര്യം ഉായിരിക്കണം.
3. ബ്ലോക്ക് തലത്തിൽ ഒരു CWF നെ നിയമിക്കണം.
4. വനിതകളുമായി ബന്ധപ്പെട്ട് ഒരു ലൈബ്രറി സൗകര്യം ഒരുക്കണം.
5. കൗൺസിലിംഗ് നൽകാനുള്ള ഭൗതിക സംവിധാനം ഉാവണം.
6. ബ്ലോക്ക് ഓഫീസിന്റെ കോമ്പോിന് പുറത്ത് നെയിം ബോർഡ് വയ്ക്കണം.